LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ആധുനികവൽക്കരണം

132(5721) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ നടപ്പിലാക്കിയ ആധുനിക സമ്പ്രദായങ്ങളും പരിശീലനങ്ങളും എന്തെല്ലാമാണെന്ന് പറയാമോ ; ഇതിനു വേണ്ടി ആധുനിക സാങ്കേതിക വിദ്യയോ ഉപകരണങ്ങളോ വാങ്ങിയിട്ടുണ്ടോ എന്ന് പറയാമോ ;

(ബി) സ്ഥിരം കുറ്റവാളികളും, പരിശീലനം ലഭിച്ച കുറ്റവാളികളും അല്ലാതെ അബദ്ധത്തിലും യാദൃശ്ചികമായും കുറ്റം ചെയ്യുന്ന ഭൂരിഭാഗം ആളുകളെയും വളരെ ചെറിയ മനഃശാസ്ത്രപരമായ സമീപനങ്ങളിലൂടെ തിരിച്ചറിയാനും കുറ്റം തെളിയിക്കാനും സാധ്യതകളുണ്ടായിട്ടും അത്തരം കുറ്റവാളികളെ ശാരീരികമായ ക്രൂര മർദ്ദനത്തിന് വിധേയമാക്കുകയും അവരുടെ കുടുംബാംഗങ്ങളെ തന്നെ മാനസിക പീഡനത്തിന് വിധേയമാക്കേണ്ടി വരികയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) പോലീസ് ജനങ്ങളുടെ സുഹൃത്ത് എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുവാൻ പുതിയ പരിശീലനങ്ങളിലൂടെയും സമ്പ്രദായങ്ങളിലൂടെയും എത്രമാത്രം കഴിഞ്ഞു എന്ന് പറയാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ തസ്തികകളിലായി 4059 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി സൈബർ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി സൈബർ ഡോം ആരംഭിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് നിരവധി സെമിനാറുകളും പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികളിൽ കമാന്റോ ട്രെയിനിംഗ്, കോസ്റ്റ് ഗാർഡ് ട്രെയിനിംഗ്, മോഡ്യൂൾ ഓഫ് സൈബർ ക്രൈം തുടങ്ങിയ ആധുനിക പരിശീലന പരിപാടികൾ ഉൾപ്പെടുത്തിവരുന്നു. ഇതിനുപുറമെ ആധുനിക സമ്പ്രദായങ്ങളിലും ആധുനിക

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട പരിശീലനങ്ങൾ കേരളത്തിനകത്തും പുറത്തുമുള്ള പരിശീലന കേന്ദ്രങ്ങളിൽ നൽകിവരുന്നു. എം.ഒ.പി.എഫ്. സ്കീം പ്രകാരം വിവിധ വർഷങ്ങളിൽ നടത്തിയ പരിശീലന പദ്ധതികൾക്കായി വാങ്ങിയ ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്.

(സി) ജനമൈത്രി പോലീസ് പദ്ധതി വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കിയതുവഴി സംസ്ഥാന പോലീസ് ഇന്ത്യയിലെ തന്നെ, മാതൃകാ പോലീസ് ആയി പ്രധാനപ്പെട്ട മാധ്യമങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

133(5722) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങളുടെ പേരിൽ എത്ര പരാതികൾ ലഭിച്ചു ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര പേരെ അറസ്റ്റ് ചെയ്തു ; പട്ടികജാതി, പട്ടികവർഗ്ഗം, വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ബി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ കൊലപ്പെടുകയുണ്ടായി ; പട്ടികജാതി-പട്ടികവർഗ്ഗം, വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ഡി) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേരെ വിവിധ കുറ്റങ്ങൾക്ക് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; വിട്ടയച്ചശേഷം ഇതിൽ എത്രപേർ പിന്നീട് ആത്മഹത്യചെയ്യുകയോ ആശുപത്രിയിൽ മരിക്കുകയോ, ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഈ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള അതിക്രമത്തിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.